## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം -. ശ്രീ.അലോക്നാഥ് റ്റി എ., ഓഫീസ് അറ്റൻഡന്റ് - സർവ്വകലാശാലാ സേവനത്തിൽ നിന്നും നിർബന്ധിത വിരമിക്കൽ നൽകിയ തീരുമാനം സ്ഥിരീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഭരണവിഭാഗം എ3 സെക്ഷൻ

യു.ഒ.നം.772/എ3/3/2019/ഭവി. തീയതി, 15 ഫെബ്രുവരി 2019

പരാമർശം : 1) യു.ഒ.നം.എഡി.എ III/1/2499/92(1) തീയതി 23/12/1992
2) യു.ഒ.നം.9064/95(1)/A III/Admn. Dated 18/02/2000.
3) യു.ഒ.നം.എഡി.എ3/2121/3/2002 തീയതി 18/02/2003.
4) യു.ഒ.നം.എഡി.എ3/2121/3/2002 തീയതി 07/02/2003
5) യു.ഒ.നം.എഡി.എ3/2121/3/2002 തീയതി 03/07/2003
6) യു.ഒ.നം.2005/ എ 3/2007/ഭ.വി. തീയതി 27/09/2007
7) യു.ഒ.നം.4995/ എ III (1)/2008/ഭ.വി. തീയതി 24/11/2008.
8) യു.ഒ.നം.2964/എ 3/2011/ഭ.വി. തീയതി 08/06/2011
9) യു.ഒ.നം.227/എ 3/3/2013/ഭ.വി. തീയതി 04/01/2013.
10) യു.ഒ.നം.5650/എ 3/1/2013/ഭ.വി. തീയതി 30/10/2013.
11) യു.ഒ.നം.5617/എ 3/2014/ഭ.വി. തീയതി 07/11/2014
12) 08/11/2018 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം മിനിറ്റ്സ് ഇനം നം.123/18.09/172340.
13) 27/12/2018 തീയതിയിലെ മെമ്മോ നം.എഡി.എ3/3/2121/2002/ഭ.വി.
14) 10/01/2019 തീയതിയിലെ ശ്രീ.അലോക്നാഥ് റ്റി എ യുടെ സമർപ്പണം.

### <u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവകലാശാലയിൽ സൂചന (1) പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.അലോക്നാഥ് റ്റി എ 25/11/1992 തീയതിയിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാൾക്ക് പരാമർശം (2) പ്രകാരം 18/02/2000 തീയതിയിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചു. സർവ്വകലാശാല സേവനകാലയളവിൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് ടിയാൾ താഴെപ്പറയുന്ന ലഘുവും കഠിനവുമായ നിരവധി ശിക്ഷാ നടപടികൾക്ക് വിധേയനായിട്ടുണ്ട്.

1) 16/09/2002 മുതൽ അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് വാർഷിക വർദ്ധനവ് പരാമർശം (3) പ്രകാരം മൂന്ന് മാസത്തേയ്ക്ക് തടഞ്ഞ് ശിക്ഷ നടപ്പിലാക്കിയിരുന്നു.
2) ഇൻഡ്യൻ ശിക്ഷാ നിയമം സെക്ഷൻ 143, 147,492, 323 പ്രകാരം ക്രിമിനൽ കേസിൽ പ്രതി ചേർക്കപ്പെട്ടതിനെ തുടർന്ന് പരാമർശം (4) പ്രകാരം വകുപ്പുതല അന്വേഷണം നടത്തിയിരുന്നു.
3) എസ്. എഫ്. വിഭാഗത്തിൽ ജോലി ചെയ്യവേ ഇടയ്ക്കിടയ്ക്ക് അനധികൃതമായി ജോലിയ്ക്ക് ഹാജരാതിരുന്നതിനെ തുടർന്ന് പരാമർശം (5) ലെ ഉത്തരവ് പ്രകാരം ടിയാൾക്ക് കർശനമായ താക്കീത് നൽകിയിരുന്നു.

4) എസ്. എഫ്. വിഭാഗത്തിൽ ജോലി ചെയ്യവേ വീണ്ടും അനധികൃതമായി 12/04/2006 മുതൽ ഹാജരാകാതിരുന്നതിനെ തുടർന്ന് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്ത് സമഗ്രമായ അന്വേഷണത്തിനു ശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനാൽ 3 വർഷത്തെ വാർഷിക വർദ്ധനവ് സ്ഥിരമായി തടഞ്ഞ് പരാമർശം (6) ഉത്തരവാകുകയും ചെയ്തിരുന്നു.

5) ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ശേഷം എക്സാം സ്റ്റോറിൽ ജോലി ചെയ്യവേ 02/05/2008 മുതൽ അനധികൃതമായി ഹാജരാകാതിരുന്നതിനെ തുടർന്ന് വകുപ്പുതല അന്വേഷണത്തിനു വിധേയനാവുകയും സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 35 ബി (2) ഭാഗം III അദ്ധ്യായം 4 ലെ വ്യവസ്ഥകൾ അനുസരിച്ച് പരാമർശം (7) പ്രകാരം താഴത്തെ സ്റ്റേജിലേയ്ക്ക് തരം താഴ്ത്തി ഒരു വർഷത്തെ കഠിന ശിക്ഷ നൽകിയിരുന്നു .

6) 27/10/2010 മുതൽ എഡി എ IV വിഭാഗത്തിൽ ജോലി ചെയ്യവേ വീണ്ടും അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് ടിയാളെ പരാമർശം (8) പ്രകാരം 5 വർഷത്തേയ്ക്ക് താഴ്ന്ന സ്റ്റേജിലേയ്ക്ക് താഴ്ത്തിക്കൊണ്ട് കഠിന ശിക്ഷ ചുമത്തിയിരുന്നു.നില വിൽ ടിയാൾ ഓഫീസ് അറ്റൻഡന്റ് (ഹ.ഗ്രേ.) തസ്തികയിലാണ് സേവനമനുഷ്ഠിക്കുന്നത്.

7) ഡെപ്യൂട്ടി രജിസ്ട്രാർ 4 (പരീക്ഷ) യുടെ ഓഫീസിൽ ജോലി ചെയ്യവേ 03/11/2012 മുതൽ അനധികൃതമായി ഹാജരാകാതിരുന്നതിനെ തുടർന്ന് പരാമർശം (9) പ്രകാരം സർവ്വീസിൽ നിന്നും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയും പിന്നീട് പരാമർശം (10) പ്രകാരം 28/10/2013 മുതൽ തിരികെ പ്രവേശിപ്പിക്കുകയും ഇ ബി വിഭാഗത്തിൽ നിയമിക്കുകയും ചെയ്തു.

8) എന്നാൽ വീണ്ടും 10/02/2014 മുതൽ 17/03/2014 വരെ ജോലിയ്ക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അച്ചടക്കനടപടിയ്ക്ക് അനുമതി ലഭിയ്ക്കുകയും ചെയ്തിരുന്നു.

03/11/2012 മുതൽ 21/11/2012 വരേയും, 26/11/2012 മുതൽ 27/10/2013 വരെയും 10/02/2014 മുതൽ 17/03/2014 വരേയുള്ള ശൂന്യ വേതന അവധിയ്ക്ക് ശേഷവും നിരന്തരം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് വകുപ്പുതല അന്വേഷണം നടത്തുന്നതിലേയ്ക്കായി ശ്രീ രമേശ് ജി, ജെ ആർ I (ഭവി) യെ സർവകലാശാലാ ഉത്തരവ് പരാമർശം (11) പ്രകാരം ചുമതലപ്പെടുത്തുകയും ഇതിന്മേൽ 25/07/2015 ൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൾ 03/11/2012 മുതൽ 21/11/2012 വരെയും, 26/11/2012 മുതൽ 27/10/2013 വരെയും പിന്നീട് 10/02/2014 മുതൽ 17/03/2014 വരെയുള്ള ശൂന്യ വേതന അവധിയ്ക്കു ശേഷവും അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതായി കണ്ടെത്തിയിരിക്കുന്നു. മുൻ കാലങ്ങളിലും ടിയാൾ ഇത്തരത്തിൽ അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നപ്പോഴും ശിക്ഷണ നടപടികൾക്ക് വിധേയമായപ്പോഴും ഭാര്യയുടേയും ബന്ധുക്കളുടേയും ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്തത് എന്നും ടിയാൾ ഇനി മേലിൽ ജോലിയ്ക്ക് സ്ഥിരമായി ഹാജരായിക്കൊള്ളാം എന്ന ഉറപ്പ് അവിശ്വസനീയമാണ് എന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

മേൽവസ്തുതകളുടേയും വകുപ്പുതലഅന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ മുൻപ് താക്കീത്, വാർഷിക വർദ്ധനവ് തടയൽ, തസ്തികയിൽ നിന്നുമുള്ള തരം താഴ്ത്തൽ തുടങ്ങിയ ലഘുവും കഠിനവുമായ ശിക്ഷകൾ ഏറ്റു വാങ്ങിയതിനു ശേഷവും കൃത്യവിലോപം തുടരുന്ന ശ്രീ.അലോക്നാഥ് റ്റി എ. യുടെ സേവനം സർവകലാശാലയുടെ അന്തസ്സിനും സുഗമമായ പ്രവർത്തനത്തിനും സ്വീകാര്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 4 ഭാഗം 2 ചട്ടം 35 B VI അനുശാസിക്കുന്ന നിർബന്ധിത വിരമിക്കൽ എന്ന കഠിന ശിക്ഷ ചുമത്തുവാൻ ബഹു.സർവ്വകലാശാലാ സിൻഡിക്കേറ്റ് 08/11/2018 ൽ കൂടിയ യോഗത്തിൽ പരാമർശം (12) പ്രകാരം തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം പരാമർശം (13) പ്രകാരം ടിയാളെ അറിയിച്ചുകൊണ്ട് വിശദീ കരണം തേടിയിരുന്നു.

ശ്രീ.അലോക്നാഥ് റ്റി എ., സൂചന (14) പ്രകാരം സമർപ്പിച്ച മറുപടിയിൽ ടിയാൾക്കെതിരെ സർവ്വകലാശാല ചുമത്താനുദ്ദേശിക്കുന്ന ശിക്ഷ അംഗീകരിക്കുകയും അതിന്മേൽ ആക്ഷേപം ഒന്നും ബോധിപ്പിക്കാനില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 4 ഭാഗം 3 ചട്ടം 35 B VI അനുശാസിക്കുന്ന കഠിന ശിക്ഷയായ നിർബന്ധിത വിരമിക്കൽ (Compulsory retirement) എന്ന മേജർ പെനാൽറ്റി 08/11/2018 മുതൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനം മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 4 ഭാഗം 3 ചട്ടം 51 (2) പ്രകാരം സ്ഥിരീകരിച്ച് 05/02/2019 ന് വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
ജോയിന്റ് രജിസ്ട്രാർ

പകർപ്പ് :

1) ശ്രീ.അലോക്നാഥ് റ്റി എ., ഓഫീസ് അറ്റൻഡന്റ്,
   തച്ചൻ പടിക്കൽ, യു.സി.കോളേജ് പി.ഒ.,
   ആലുവ -2
2) വി.സി.യുടെ പ്രൈവറ്റ് സെക്രട്ടറി.
3) രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ
4) ജെ.ഡി., കെ.എസ്.എ.ഡി., എം.ജി.യു./എഡി.എ VIII/എഡി.എ X.
5) എ.ആർ I/ഡി.ആർ. I/ജെ.ആർ. I(ഭ.വി.)/എഡി സി I/II/III/എഫ് സി സി.
6) റിക്കാർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/സി.എം.എസ്./ഐ.ക്യൂ.എ.സി..

ഫയൽ നമ്പർ.എഡി.എ III/3/2121/3/2002/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ